**മധുരമായ കുട്ടികളേ- നിങ്ങൾ ബാബയുടെ കുട്ടികൾ അധികാരികളാണ്, നിങ്ങൾ ബാബയിൽ ശരണം പ്രാപിക്കുന്നൊന്നുമില്ല, കുട്ടി ഒരിക്കലും അച്ഛന്റെ ശരണത്തിൽ പോകില്ല.**

**ചോദ്യം –** ഏത് കാര്യം സദാ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മായ ബുദ്ധിമുട്ടിക്കുകയില്ല?
**ഉത്തരം –** നമ്മൾ ബാബയുടെ അടുത്ത് വന്നിരിക്കുകയാണ്, ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ് പക്ഷെ നിരാകാരനാണ്. നമ്മൾ നിരാകാര ആത്മാക്കളെ പഠിപ്പിക്കുന്നത് നിരാകാരനായ ബാബയാണ്, ഇത് ബുദ്ധിയിൽ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ സന്തോഷം വർദ്ധിച്ചുകൊണ്ടിരിക്കും പിന്നെ മായ ബുദ്ധിമുട്ടിക്കുകയില്ല.

**ഓം ശാന്തി**. ത്രിമൂർത്തി അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ത്രിമൂർത്തി അച്ഛനാണല്ലോ. മൂന്ന് പേരെയും രചിക്കുന്ന ആ ബാബ സർവ്വരുടെയും അച്ഛനാണ് എന്തുകൊണ്ടെന്നാൽ ഉയർന്നതിലും ഉയർന്നത് ബാബ മാത്രമാണ്. നമ്മൾ ബാബയുടെ കുട്ടികളാണെന്ന് കുട്ടികളുടെ ബുദ്ധിയിലുണ്ട്. എങ്ങനെയാണോ ബാബ പരംധാമത്തിൽ വസിക്കുന്നത് അതുപോലെ നമ്മൾ ആത്മാക്കളും അവിടത്തെ നിവാസികളാണ്. ബാബ ഇതും മനസ്സിലാക്കിത്തരുന്നു ഇത് ഡ്രാമയാണ്, എന്താണോ സംഭവിക്കുന്നത് അത് ഡ്രാമയിൽ ഒരേയൊരു തവണയാണ് സംഭവിക്കുന്നത്. ബാബയും ഒരു തവണ മാത്രമാണ് പഠിപ്പിക്കാനായി വരുന്നത്. നിങ്ങൾ ഒരു ശരണാഗതിയും സ്വീകരിക്കുന്നില്ല. ഈ വാക്ക് ഭക്തിമാർഗ്ഗത്തിലെയാണ് – നീയേ ശരണം..... മക്കൾ എപ്പോഴെങ്കിലും അച്ഛന്റെ ശരണം സ്വീകരിക്കുമോ! കുട്ടികൾ ആണെങ്കിൽ അധികാരികളുമാണ്. നിങ്ങൾ കുട്ടികൾ ബാബയുടെ ശരണത്തിലാവുന്നില്ല. ബാബ നിങ്ങളെ തന്റേതാക്കി മാറ്റുന്നു. കുട്ടികൾ ബാബയെ തന്റേതാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികൾ ബാബയെ വിളിക്കുകയും ചെയ്യുന്നു, ബാബാ വരൂ, ഞങ്ങളെ വീട്ടിലേയ്ക്ക് കൊണ്ടു പോകൂ അഥവാ രാജ്യഭാഗ്യം നൽകൂ.... ഒന്ന് ശാന്തി ധാമം, രണ്ടാമത്തേത് സുഖധാമം. സുഖധാമം ബാബയുടെ സമ്പത്തും ദുഃഖധാമം രാവണന്റെ സമ്പത്തുമാണ്. 5 വികാരത്തിൽ അകപ്പെടുന്നതിലൂടെ ദുഃഖത്തോട് ദുഃഖമാണ്. ഇപ്പോൾ കുട്ടികൾക്ക് മനസ്സിലായി – നമ്മൾ ബാബയുടെയടുത്ത് വന്നിരിക്കുകയാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ് പക്ഷെ നിരാകാരനാണ്. നമ്മൾ നിരാകാര ആത്മാക്കളെ പഠിപ്പിക്കുന്നത് നിരാകാരൻ തന്നെയാണ്. ബാബ ആത്മാക്കളുടെ അച്ഛനാണ്. ഇത് സദാ ബുദ്ധിയിൽ സ്മരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ സന്തോഷം വർദ്ധിക്കും. ഇത് മറക്കുന്നതുകൊണ്ടാണ് മായ ബുദ്ധിമുട്ടിപ്പിക്കുന്നത്. ഇപ്പോൾ നിങ്ങൾ ബാബയുടെയടുത്ത് ഇരിക്കുകയാണ് അതിനാൽ ബാബയേയും, സമ്പത്തിനെയും ഓർമ്മ വരണം. ലക്ഷ്യം ബുദ്ധിയിലുണ്ടല്ലോ. ശിവബാബയെയാണ് ഓർമ്മിക്കേണ്ടത്. കൃഷ്ണനെ ഓർമ്മിക്കുക എന്നത് വളരെ സഹജമാണ്, ശിവബാബയെ ഓർമ്മിക്കുന്നതിൽത്തന്നെയാണ് പരിശ്രമമുള്ളത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. അഥവാ കൃഷ്ണൻ ഉണ്ടെങ്കിൽ കൃഷ്ണനുമുന്നിൽ എല്ലാവരും ഉടൻ ബലിയാകും. പ്രത്യേകിച്ച് മാതാക്കളാണെങ്കിൽ കൃഷ്ണനെപ്പോലെയുള്ള കുട്ടിയെ ലഭിക്കാനും, കൃഷ്ണനെപ്പോലെയുള്ള പതിയെ ലഭിക്കാനും ഒരുപാട് ആഗ്രഹിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു – ഞാൻ വന്നു കഴിഞ്ഞിരിക്കുന്നു, നിങ്ങൾക്ക് കൃഷ്ണനെപ്പോലെയുള്ള കുട്ടി അഥവാ പതിയെ ലഭിക്കും അർത്ഥം കൃഷ്ണനെപ്പോലെ ഗുണവാൻ, സർവ്വഗുണ സമ്പന്നൻ, 16 കലാ സമ്പൂർണ്ണമായ സുഖം നൽകുന്ന ആളെ നിങ്ങൾക്ക് ലഭിക്കും. സ്വർഗ്ഗം അഥവാ കൃഷ്ണപുരിയിൽ സുഖം തന്നെ സുഖമാണ്. കൃഷ്ണപുരിയിലേക്ക് പോകുന്നതിനുവേണ്ടി നമ്മൾ ഇവിടെ പഠിക്കുകയാണെന്ന് കുട്ടികൾക്കറിയാം. സ്വർഗ്ഗത്തെത്തന്നെയല്ലേ എല്ലാവരും ഓർമ്മിക്കുന്നത്. ആരെങ്കിലും മരിക്കുകയാണെങ്കിൽ ഇന്നയാൾ സ്വർഗ്ഗവാസിയായി എന്ന് പറയുന്നു അങ്ങനെയെങ്കിൽ സന്തോഷമുണ്ടായിരിക്കണം, കൈയ്യടിക്കണം. നരകത്തിൽ നിന്നും മാറി സ്വർഗ്ഗത്തിലേക്ക് പോയി – ഇത് വളരെ നല്ല കാര്യമാണ്. ആരെങ്കിലും പറയുകയാണ് ഇന്നയാൾ സ്വർഗ്ഗത്തിലേക്ക് പോയി അപ്പോൾ പറയൂ എവിടെ നിന്ന് പോയി? തീർച്ചയായും നരകത്തിൽ നിന്നാണ് പോയത്. ഇത് തന്നെ വളരെ സന്തോഷത്തിന്റെ കാര്യമാണ്. എല്ലാവരെയും വിളിച്ച് ടോളി കൊടുക്കണം. പക്ഷെ ഇതാണെങ്കിൽ വിവേകത്തിന്റെ കാര്യമാണ്. 21 ജന്മത്തേക്ക് വേണ്ടി സ്വർഗ്ഗത്തിലേക്ക് പോയി എന്ന് അവർ ഒരിക്കലും പറയില്ല. കേവലം പറയുന്നു സ്വർഗ്ഗത്തിൽ പോയി. ശരി, പിന്നെ എന്തിനാണ് അവരുടെ ആത്മാവിനെ ഇവിടേക്ക് വിളിക്കുന്നത്? നരകത്തിലെ ഭോജനം കഴിപ്പിക്കുന്നത്? നരകത്തിലേക്ക് വിളിക്കരുത്. ഇത് ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്, ഓരോ കാര്യവും ജ്ഞാനത്തിന്റേതാണല്ലോ. ബാബയെ വിളിക്കുന്നു, ഞങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ... അപ്പോൾ തീർച്ചയായും പഴയ ശരീരം നശിപ്പിക്കേണ്ടി വരും. എല്ലാവരും മരിക്കും പിന്നെ ആര് ആർക്കുവേണ്ടി കരയും? ഇപ്പോൾ നിങ്ങൾക്ക

റിയാം നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് തന്റെ വീട്ടിലേയ്ക്ക് പോകും. എങ്ങനെ ഈ ശരീരം ഉപേക്ഷിക്കണമെന്നതിന്റെ പ്രാക്ടീസ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങിനെയൊരു പുരുഷാർത്ഥം ലോകത്ത് ആരും ചെയ്യുന്നുണ്ടാവില്ല. ഇത് നമ്മുടെ പഴയ ശരീരമാണ് എന്ന ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്കുണ്ട്. ബാബയും പറയുന്നു, ഞാൻ പഴയ ചെരുപ്പിനെ ലോണെടുത്തിരിക്കുകയാണ്. ഈ രഥം തന്നെയാണ് ഡ്രാമയിൽ നിമിത്തമായിരിക്കുന്നത്. ഇത് മാറ്റാൻ സാധിക്കില്ല. ഇദ്ദേഹത്തെ നിങ്ങൾ വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം കാണും. ഡ്രാമയുടെ രഹസ്യം മനസ്സിലായിക്കഴിഞ്ഞല്ലോ. ഇത് മനസ്സിലാക്കിത്തരാനുള്ള കഴിവ് ബാബക്കല്ലാതെ വേറെ ഒരാൾക്കുമില്ല. ഈ പാഠശാല വളരെ അത്ഭുതമാണ്, ഇവിടെ വൃദ്ധർ പോലും ഞങ്ങൾ ഭഗവാന്റെ പാഠശാലയിലേക്ക് – ഭഗവാൻ ,ഭഗവതിയാകുന്നതിനായി പോകുന്നു എന്ന് പറയുന്നു. വൃദ്ധകൾ ഒരിക്കലും സ്ക്കൂളിൽ പഠിക്കാറില്ല. നിങ്ങൾ എവിടേക്ക് പോകുന്നു? എന്ന് നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ പറയൂ, ഞങ്ങൾ ഈശ്വരീയ യൂണിവേഴ്സിറ്റിയിലേയ്ക്ക് പോവുകയാണ്. അവിടെ ഞങ്ങൾ രാജയോഗം പഠിക്കുന്നു. അവർ അതിശയിച്ച് പോകുന്ന തരത്തിലുള്ള കാര്യങ്ങൾ കേൾപ്പിക്കൂ. ഞങ്ങൾ ഭഗവാന്റെ പാഠശാലയിലേക്ക് പോകുന്നുവെന്ന് വൃദ്ധരും പറയും. ഇവിടെ ഇതാണ് അത്ഭുതം, ഞങ്ങൾ ഭഗവാന്റെ അടുത്ത് പഠിക്കാൻ പോവുകയാണ്. ഇങ്ങനെ വേറെയാർക്കും പറയാൻ സാധിക്കില്ല. ചോദിക്കും, നിരാകാരനായ ഭഗവാൻ പിന്നെ എവിടെ നിന്ന് വന്നു? കാരണം അവർ മനസ്സിലാക്കിയിരിക്കുന്നത് ഭഗവാൻ നാമ രൂപത്തിൽ നിന്നും വേറിട്ടതാണെന്നാണ്. ഇപ്പോൾ നിങ്ങൾ വിവേകത്തോടുകൂടി പറയുന്നു. ഓരോ മൂർത്തിയുടെയും ഉത്തരവാദിത്വവും നിങ്ങൾക്കറിയാം. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ്, ആ ശിവബാബയുടെ സന്താനങ്ങളാണ് നമ്മളെന്ന കാര്യം ബുദ്ധിയിൽ ഉറച്ചതാക്കണം. ശരി, പിന്നെ സൂക്ഷ്മവതനവാസികളായ ബ്രഹ്മാ, വിഷ്ണു, ശങ്കർ, നിങ്ങൾ കേവലം പറയാൻ വേണ്ടി മാത്രം പറയുന്നതാവരുത്. ബ്രഹ്മാവിലൂടെ എങ്ങനെയാണ് സ്ഥാപന എന്നതിനെ സംബന്ധിച്ച് നിങ്ങൾക്കാണെങ്കിൽ നന്നായി അറിയാം. ജീവചരിത്രത്തെക്കുറിച്ച് നിങ്ങൾക്കല്ലാതെ വേറെയാർക്കും പറയാൻ സാധിക്കില്ല. തന്റെ ജീവചരിത്രം തന്നെ അറിയാത്തവർ മറ്റുള്ളവരുടെ എങ്ങനെയറിയും? നിങ്ങളിപ്പോൾ എല്ലാം അറിഞ്ഞു കഴിഞ്ഞു. ബാബ പറയുന്നു എനിക്കെന്താണോ അറിയാവുന്നത് അത് നിങ്ങൾക്കും മനസ്സിലാക്കിത്തരുന്നു. രാജ്യഭാഗ്യവും ബാബക്കല്ലാതെ വേറെയാർക്കും നൽകാൻ സാധിക്കില്ല. ഈ ലക്ഷ്മീ നാരായണനും യുദ്ധത്തിലൂടെയൊന്നുമല്ല ഈ രാജ്യം നേടിയത്. അവിടെ യുദ്ധം ഉണ്ടായിരിക്കുകയില്ല. ഇവിടെയാണെങ്കിൽ എത്രയാണ് വഴക്കടിക്കുന്നത്. എത്രയധികം മനുഷ്യരാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഹൃദയത്തിൽ നിന്നും വരണം നമ്മൾ ബാബയിൽ നിന്ന് ഈ ദാദയിലൂടെ സമ്പത്ത് നേടികൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു – എന്നെ മാത്രം ഓർമ്മിക്കൂ, ആരിലാണോ പ്രവേശിക്കുന്നത് അദ്ദേഹത്തെ ഓർമ്മിക്കൂ എന്ന് പറയുന്നില്ല. ഇല്ല, പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. ആ സന്യാസിമാർ പേര് സഹിതം അവരുടെ ഫോട്ടോ നൽകുന്നു. ശിവബാബയുടെ ഫോട്ടോ എന്താ എടുക്കുമോ? ബിന്ദുവിന്റെ മുകളിൽ എങ്ങനെ പേരെഴുതും! ബിന്ദുവിന് മുകളിൽ ശിവബാബ എന്ന പേര് എഴുതുകയാണെങ്കിൽ ബിന്ദുവിനെക്കാളും പേര് വലുതാകും. വിവേകത്തിന്റെ കാര്യമല്ലേ. അതിനാൽ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം ശിവബാബ നമ്മെ പഠിപ്പിക്കുകയാണ്. ആത്മാവാണല്ലോ പഠിക്കുന്നത്. ആത്മാവ് തന്നെയാണ് സംസ്ക്കാരമെടുത്ത് പോകുന്നത്. ഇപ്പോൾ ബാബ ആത്മാവിൽ സംസ്ക്കാരം നിറച്ചുകൊണ്ടിരിക്കുകയാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. എന്താണോ ബാബ നിങ്ങളെ പഠിപ്പിക്കുന്നത് നിങ്ങൾ മറ്റുള്ളവരെയും ഇത് പഠിപ്പിക്കൂ, സൃഷ്ടിചക്രത്തെ ഓർമ്മിക്കൂ, ഓർമ്മിപ്പിക്കൂ. ഏത് ഗുണമാണോ ബാബയിലുള്ളത് അത് കുട്ടികൾക്കും നൽകുന്നു. പറയുന്നു, ഞാൻ ജ്ഞാനത്തിന്റെ സാഗരം, സുഖത്തിന്റെ സാഗരമാണ്. നിങ്ങളെയും ആക്കി മാറ്റുന്നു. നിങ്ങളും എല്ലാവർക്കും സുഖം നൽകൂ. മനസ്സാ, വാചാ, കർമ്മണാ ആർക്കും ദുഖം കൊടുക്കരുത്. എല്ലാവരുടെ ചെവിയിലും ഈ മധുര മധുരമായ കാര്യം കേൾപ്പിക്കൂ ശിവബാബയെ ഓർമ്മിക്കൂ അപ്പോൾ ഓർമ്മയിലൂടെ വികർമ്മം വിനാശമാകും. ബാബ വന്നിരിക്കുന്നുവെന്ന സന്ദേശം എല്ലാവർക്കും നൽകണം, ബാബയിൽ നിന്ന് ഈ സമ്പത്ത് നേടൂ. എല്ലാവർക്കും ഈ സന്ദേശം നൽകേണ്ടതുണ്ട്. അവസാനം പത്രക്കാരും ഇടും. ഇതാണെങ്കിലറിയാം അവസാനം എല്ലാവരും പറയും അല്ലയോ പ്രഭൂ അങ്ങയുടെ ലീല....... അങ്ങ് തന്നെയാണ് എല്ലാവർക്കും സദ്ഗതി നൽകുന്നത്. ദുഃഖത്തിൽ നിന്ന് മോചിപ്പിച്ച് എല്ലാവരെയും ശാന്തിധാമത്തിലേക്ക് കൊണ്ടു പോകുന്നു. ഇതും ഇന്ദ്രജാലമാണല്ലോ. അവരുടേത് അൽപകാലത്തേയ്ക്കുള്ള ഇന്ദ്രജാലമാണ്. ഇതാണെങ്കിൽ 21 ജന്മത്തേക്ക് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതാണ്. ഈ മന്മനാഭവയുടെ ഇന്ദ്രജാലത്തിലൂടെ നിങ്ങൾ ലക്ഷ്മീ നാരായണനാകും. ഇന്ദ്രജാലക്കാരൻ, രത്നാകരൻ ഈ എല്ലാ പേരുമുള്ളത് ശിവബാബക്കാണ്, ബ്രഹ്മാബാബക്കല്ല. ഈ ബ്രാഹ്മണ – ബ്രാഹ്മണിമാരെല്ലാവരും പഠിക്കുകയാണ്. പഠിച്ച് പിന്നീട് പഠിപ്പിക്കുന്നു. ബാബ ഒറ്റയക്ക് ആരെയും പഠിപ്പിക്കുന്നില്ല. ബാബ നിങ്ങളെ ഒരുമിച്ച് പഠിപ്പിക്കുകയാണ്, നിങ്ങൾ പിന്നീട് മറ്റുള്ളവരെയും പഠിപ്പിക്കുന്നു. ബാബ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ ബാബ തന്നെയാണ് രചയിതാവ്, കൃഷ്ണനാ

ണെങ്കിൽ രചനയാണല്ലോ. സമ്പത്ത് രചയിതാവിൽ നിന്നുമാണ് ലഭിക്കുന്നത്, രചനയിൽ നിന്നല്ല. കൃഷ്ണനിൽ നിന്നും സമ്പത്ത് ലഭിക്കുന്നില്ല. ഈ ലക്ഷ്മിയും നാരായണനും വിഷ്ണുവിന്റെ രണ്ട് രൂപങ്ങളാണ്. കുട്ടിക്കാലത്ത് രാധയും കൃഷ്ണനുമാണ്. ഈ കാര്യങ്ങളും വളരെ നന്നായി ഓർമ്മിക്കൂ. വൃദ്ധരും വളരെ തീക്ഷ്ണമായി പോവുകയാണെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കുന്നു. വൃദ്ധകൾക്ക് പിന്നെയും കുറച്ച് മമത്വവും ഉണ്ടായിരിക്കും. തന്റെ തന്നെ രചനയുടെ രൂപത്തിലുള്ള വലയിൽ കുടുങ്ങിപ്പോകുന്നു. ഒരുപാട് പേരുടെ ഓർമ്മ വരുന്നു, അവരിൽ നിന്നെല്ലാം ബുദ്ധിയോഗം വിട്ട് പിന്നീട് ഒരു ബാബയിൽ യോജിപ്പിക്കണം ഇതിൽത്തന്നെയാണ് പരിശ്രമം. ജീവിച്ചിരിക്കെ മരിക്കണം. ബുദ്ധിയിൽ ഒരു തവണ അമ്പ് തറച്ചുവെങ്കിൽ മതി. പിന്നീട് യുക്തിയോടുകൂടി പെരുമാറണം. ആരുമായും സംസാരിക്കരുത് എന്നല്ല. കേവലം ഗൃഹസ്ഥ വ്യവഹാരത്തിലിരിക്കൂ, എല്ലാവരുമായും സംസാരിക്കൂ. അവരുമായും കേവലം ബന്ധം വെയ്ക്കൂ. ബാബ പറയുന്നു – ചാരിറ്റി ബിഗിൻസ് അറ്റ് ഹോം, ധാർമ്മികത വീട്ടിൽ നിന്നാരംഭിക്കണം. അഥവാ ബന്ധമേ നിലനിർത്തുന്നില്ലായെങ്കിൽ അവരെ എങ്ങനെ ഉദ്ധരിക്കും? രണ്ടുമായും(ലൗകികവും അലൗകികവും) ബന്ധം നിറവേറ്റണം. ബാബയോട് ചോദിക്കുകയാണ് – വിവാഹത്തിന് പോകട്ടെ? ബാബ പറയും എന്തുകൊണ്ട് പോയ്ക്കൂടാ. ബാബ കേവലം പറയുന്നു, കാമം മഹാ ശത്രുവാണ്, അതിൽ വിജയിക്കുകയാണെങ്കിൽ ലോകത്തെ ജയിച്ചവരായി മാറും. നിർവികാരിയായിരിക്കുന്നത് സത്യയുഗത്തിൽത്തന്നെയാണ്. യോഗബലത്തിലൂടെ ജന്മമുണ്ടാകുന്നു. ബാബ പറയുന്നു, നിർവികാരിയാകൂ. ഒന്ന് നിങ്ങൾക്ക് പക്കാ ആയിരിക്കണം, നമ്മൾ ശിവബാബയുടെയടുത്ത് ഇരിക്കുകയാണ്, ശിവബാബ നമുക്ക് 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുകയാണ്. ഈ സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ആദ്യമാദ്യം ദേവീ ദേവതകൾ സതോപ്രധാനത്തിൽ വരുന്നു, പിന്നീട് പുനർജന്മം എടുത്തെടുത്ത് തമോപ്രധാനമായി മാറുന്നു. ലോകം പഴയതും പതിതവുമാകുന്നു. ആത്മാവും പതിതമാണല്ലോ. ഇവിടെയുള്ള ഒരു വസ്തുവിലും സാരം അടങ്ങിയിട്ടില്ല. എവിടെ സത്യയുഗത്തിലെ പൂക്കളും പഴങ്ങളും, എവിടെ ഇവിടുത്തെ! അവിടെ പുളിയുള്ളതും നാറുന്നതുമായ ഒരു വസ്തുക്കളും ഉണ്ടായിരിക്കുകയില്ല. നിങ്ങൾ അവിടുത്തെ സാക്ഷാത്ക്കാരം ചെയ്താണ് വന്നത്. നിങ്ങളുടെ മനസ്സിൽ തോന്നും, ഈ ഫല – പുഷ്പാദികൾ കൊണ്ടുപോയാലോ എന്ന്. പക്ഷെ ഇവിടെ വരുമ്പോൾത്തന്നെ അതെല്ലാം അപ്രത്യക്ഷമായിപ്പോകും. ഈ സാക്ഷാത്ക്കാരമെല്ലാം ചെയ്യിപ്പിച്ച് ബാബ കുട്ടികളുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. നിങ്ങളെ പഠിപ്പിക്കുന്ന ആത്മീയ അച്ഛനാണിത്. ഈ ശരീരത്തിലൂടെ പഠിക്കുന്നത് ആത്മാവാണ്, ശരീരമല്ല. ആത്മാവിന് ശുദ്ധ അഭിമാനമുണ്ടായിരിക്കണം – ഞാനും ഈ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്, സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും സ്വർഗ്ഗത്തിൽ പോകും, പക്ഷെ എല്ലാവരുടെയും പേരൊന്നും ലക്ഷ്മീ നാരായണൻ എന്ന് ആവുകയില്ലല്ലോ. ആത്മാവാണ് സമ്പത്ത് നേടുന്നത്. ഈ ജ്ഞാനം ബാബക്കല്ലാതെ വേറെയാർക്കും നൽകാൻ സാധിക്കില്ല. ഇത് യൂണിവേഴ്സിറ്റിയാണ്, ഇവിടെ ചെറിയ കുട്ടികളും യുവാക്കളും എല്ലാവരും പഠിക്കുകയാണ്. ഇങ്ങനെയൊരു കോളേജ് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അത് മനുഷ്യനെ വക്കീലും ഡോക്ക്ടറുമൊക്കെ ആക്കുന്നു. ഇവിടെ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നു.

നിങ്ങൾക്കറിയാം – ബാബ നമ്മുടെ ടീച്ചറും സദ്ഗുരുവുമാണ്, ബാബ നമ്മെ കൂടെ കൊണ്ടുപോകും. പിന്നീട് നമ്മൾ പഠിപ്പിനനുസരിച്ച് സുഖധാമത്തിൽ വന്ന് പദവി നേടും. ബാബയാണെങ്കിൽ നിങ്ങളുടെ സത്യയുഗത്തെ ഒരിക്കലും കണ്ടിട്ടുപോലുമില്ല. ശിവബാബ ചോദിക്കുന്നു– ഞാൻ സത്യയുഗം കാണുന്നുണ്ടോ? കാണുക ശരീരത്തിലൂടെയായിരിക്കുമല്ലോ, ബാബക്കാണെങ്കിൽ തന്റേതായ ശരീരമില്ല, അപ്പോൾ എങ്ങനെ കാണും? ഇവിടെ നിങ്ങൾ കുട്ടികളോട് സംസാരിക്കുന്നു, കാണുന്നു ഇത് മുഴുവൻ പഴയ ലോകമാണ്. ശരീരമില്ലാതെ ഒന്നും കാണാൻ സാധിക്കില്ല. ബാബ പറയുന്നു ഞാൻ പതിത ലോകത്തിൽ പതിത ശരീരത്തിൽ വന്ന് നിങ്ങളെ പാവനമാക്കി മാറ്റുന്നു. ഞാൻ സ്വർഗ്ഗം കാണുന്നതുപോലുമില്ല. ആരുടെയെങ്കിലും ശരീരത്തിൽ ഒളിച്ചിരുന്ന് കാണും എന്നൊന്നുമില്ല. ഇല്ല, പാർട്ട് തന്നെയില്ല. നിങ്ങൾ എത്ര പുതിയ പുതിയ കാര്യങ്ങളാണ് കേൾക്കുന്നത്. അതിനാൽ ഈ പഴയ ലോകത്തോട് മനസ്സ് വെക്കരുത്. ബാബ പറയുന്നു, എത്രത്തോളം പാവനമാകുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. ഓർമ്മയുടെ യാത്രയിലാണ് മുഴുവൻ കാര്യവും അടങ്ങിയിട്ടുള്ളത്. യാത്രയിൽ മനുഷ്യർ പവിത്രമായിരിക്കുന്നു പിന്നെ തിരിച്ച് വരുമ്പോൾ വീണ്ടും അപവിത്രമായി മാറുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. അറിയുന്നു, പരിധിയില്ലാത്ത ബാബയിൽ നിന്നും നമ്മൾ പരിധിയില്ലാത്ത സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുകയാണ് അപ്പോൾ ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. ബാബയുടെ ഓർമ്മയിലൂടെ മാത്രമേ സതോപ്രധാനമായി മാറുകയുള്ളൂ. 63 ജന്മത്തെ കറയാണ്. അത് ഈ ജന്മത്തിൽ ഇറക്കണം, വേറെ ഒരു ബുദ്ധിമുട്ടുമില്ല. വിഷം കുടിക്കുന്നതിന് ആർക്കാണോ ദാഹം തോന്നുന്നത്, അത് ഉപേക്ഷിക്കണം, അതിന്റെ ചിന്ത പോലും ഉണ്ടാവരുത്. ബാബ പറയുന്നു, ഈ വികാരത്തിലൂടെയാണ് നിങ്ങൾ ജന്മ ജന്മാന്തരം ദുഖി

കളായത്. കുമാരിമാരുടെ മേലും വളരെയധികം ദയ തോന്നുകയാണ്. സിനിമക്ക് പോകുന്നതുകൊണ്ട് തന്നെയാണ് മോശമാകുന്നത്, ഇതുകൊണ്ട് തന്നെയാണ് നരകത്തിലേക്ക് പോകുന്നത്. ബാബ പലരോടും പറയുന്നുണ്ട് കാണുന്നതിനോട് എതിർപ്പൊന്നുമില്ല, പക്ഷെ നിങ്ങളെ കണ്ട് മറ്റുള്ളവർക്കും പോകണ മെന്ന് തോന്നും അതുകൊണ്ട് നിങ്ങൾ പോകരുത്. ഇത് ഭാഗീരഥമാണ്. ഭാഗ്യശാലി രഥമാണല്ലോ ആരാണോ നിമിത്തമായത് – ഡ്രാമയിൽ തന്റെ രഥത്തെ ലോൺ നൽകിയിരിക്കുന്നു. നിങ്ങൾ മനസ്സിലാക്കി – ബാബ ഇതിൽ വരുന്നു, ഇതാണ് ഹുസൈന്റെ കുതിര. നിങ്ങൾ എല്ലാവരെയും മനോഹരമാക്കി മാറ്റുന്നു. ബാബ സ്വയം സുന്ദരനാണ്, പക്ഷെ ഈ രഥത്തെ എടുത്തിരിക്കുകയാണ്. ഡ്രാമയിൽ ഇദ്ദേഹത്തിന്റെ പാർട്ട് തന്നെ അങ്ങനെയാണ്. ഇപ്പോൾ ആത്മാക്കൾ ആരാണോ കറുത്ത് പോയിരിക്കുന്നത് അവരെ ഗോൾഡൻ ഏജിലേക്ക് യോഗ്യരാക്കി മാറ്റുന്നു.

ബാബയാണോ സർവ്വ ശക്തിവാൻ അതോ ഡ്രാമയോ? ഡ്രാമ, പിന്നെ അതിൽ അഭിനേതാക്കളിൽ സർവ്വ ശക്തിവാൻ ആരാണ്? ശിവബാബ. അതിന് ശേഷം രാവണൻ. പകുതി കൽപം രാമരാജ്യം, പകുതി കല്പം രാവണ രാജ്യം. ഇടക്കിടക്ക് ബാബക്ക് എഴുതുന്നു, ഞങ്ങൾ ബാബയുടെ ഓർമ്മ മറന്നു പോകുന്നു. ഉദാ സീനരായിപ്പോകുന്നു. ഹേയ്, നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാവാൻ വന്നിരിക്കുകയാണ് പിന്നെ നിങ്ങൾ എന്തുകൊണ്ടാണ് ഉദാസീനരായിരിക്കുന്നത്! പരിശ്രമം ചെയ്യണം, പവിത്രമായി മാറണം. അങ്ങിനെത്ത ന്നയിരുന്നാൽ തിലകം തരാൻ പറ്റുമോ! സ്വയമേ സ്വയത്തിന് രാജതിലകം നൽകാൻ യോഗ്യത ഉണ്ടാക്കി യെടുക്കണം – ജ്ഞാന, യോഗത്തിലൂടെ. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ അപ്പോൾ താങ്കൾ സ്വയം തന്നെ തിലകത്തിന് യോഗ്യതയുള്ളവരായി മാറും. ബുദ്ധിയിലുണ്ടായിരിക്കണം, ശിവബാബ നമ്മുടെ മധു രമായ അച്ഛൻ, ടീച്ചർ, സദ്ഗുരുവാണ്. നമ്മേയും വളരെ മധുരമുള്ളവരാക്കി മാറ്റുന്നു. നിങ്ങൾക്കറിയാം നമ്മൾ കൃഷ്ണപുരിയിലേയ്ക്ക് തീർച്ചയായും പോകും. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ഭാരതം തീർച്ചയായും സ്വർഗ്ഗമായി മാറുന്നു. പിന്നീട് നരകമായി മാറുന്നു. മനുഷ്യർ മനസ്സിലാക്കുന്നു, ആരാണോ ധനവാൻ അവർക്ക് ഇവിടെത്തന്നെയാണ് സ്വർഗ്ഗം, പാവങ്ങൾ നരകത്തിലാണ്. പക്ഷെ അങ്ങനെയല്ല. ഇത് തന്നെയാണ് നരകം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടി കൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം:**

1. സിനിമ നരകത്തിലേക്കുള്ള പാതയാണ് അതിനാൽ സിനിമ കാണരുത്.ഓർമ്മയുടെ യാത്രയിലൂടെ പാവ നമായിമാറി ഉയർന്ന പദവി നേടണം,ഈ ലോകത്തോട് മമത്വം വെക്കരുത്.

2. മനസ്സാ–വാചാ–കർമ്മണാ ആർക്കും ദുഖം കൊടുക്കരുത്. എല്ലാവരുടെ ചെവിയിലും മധുര മധുരമായ കാര്യങ്ങൾ കേൾപ്പിക്കണം, എല്ലാവരിലും ബാബയുടെ ഓർമ്മ ഉണർത്തിക്കണം. ബുദ്ധിയോഗം ഒരു ബാബയുമായി യോജിപ്പിക്കണം.

## വരദാനം– സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യുന്നതിലൂടെ സെക്കന്റിൽ അശരീരി സ്ഥിതി യുടെ അനുഭവം ചെയ്യുന്ന പ്രീതബുദ്ധിയായി ഭവിക്കട്ടെ.

ആർക്കാണോ പ്രഭുസ്നേഹമുള്ളത്,അവർക്ക് അശരീരിയാകുന്നത് ഒരു സെക്കന്റിന്റെ കളി പോലെയായി രിക്കും.എങ്ങിനെയാണോ സ്വിച്ച് ഓൺ ചെയ്താലുടനെ അന്ധകാരം സമാപ്തമാകുന്നത് അതുപോലെ പ്രീതബുദ്ധികളായി മാറി സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്താലുടൻ ദേഹത്തിന്റെയും ദേഹത്തിന്റെ ലോ കത്തിന്റെയും സ്മൃതിയുടെ സ്വിച്ച് ഓഫ് ആകും.ഇത് സെക്കന്റിന്റെ കളിയാണ്.വായിലൂടെ ബാബാ എന്ന് പറയാൻ സമയം ആവശ്യമാണ്.എന്നാൽ സ്മൃതിയിലേക്ക് കൊണ്ടുവരാൻ സമയമെടുക്കില്ല. ബാബാ എന്ന വാക്ക് പഴയലോകത്തെ മറക്കാനുള്ള ആധ്യാത്മികമായ ബോംബ് ആണ്.

## സ്ലോഗൻ : ദേഹാഭിമാനമാകുന്ന മണ്ണിന്റെ ഭാരത്തിൽനിന്നും ഉപരിയായി നിൽക്കുകയാണെങ്കിൽ ഡബിൾ ലൈറ്റ് ഫരിഷ്തയായി മാറും.

**അവ്യക്ത സൂചന– സത്യതയും,സഭ്യതയുമാകുന്ന സംസ്ക്കാരത്തെ സ്വായത്തമാക്കൂ.....**

സങ്കൽപം, വാക്ക്, കർമ്മം, സംബന്ധസമ്പർക്കങ്ങൾ എന്നിവയിലെല്ലാം ദിവ്യതയുടെ അനുഭൂതി ചെയ്യുക എന്നതാണ് സത്യതയെ തിരിച്ചറിയാനുള്ള മാർഗ്ഗം. ഞാൻ സദാ സത്യമേ പറയാറുള്ളൂ.. എന്ന് ചിലർ പറയാറുണ്ട്. പക്ഷേ വാക്കിലും, കർമ്മത്തിലും ദിവ്യതയില്ലെങ്കിൽ മറ്റുള്ളവർക്ക് താങ്കൾ പറയുന്ന സത്യമായ കാര്യങ്ങൾ സത്യമാണെന്ന് തോന്നുകയില്ല. അതിനാൽ സത്യതയുടെ ശക്തിയിലൂടെ ദിവ്യതയെ ധാരണ ചെയ്യൂ. എന്തുതന്നെ സഹിക്കേണ്ടിവന്നാലും പരിഭ്രമിക്കരുത്. സത്യം സമയമനുസരിച്ച് സ്വയം പ്രത്യക്ഷമാകുകതന്നെ ചെയ്യും.